**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാകളക്ടറുടെ നടപടിക്രമം**

(സാന്നിദ്ധ്യം :- എസ് ഷാനവാസ്, ഐ എ എസ് )

വിഷയം:- ദുരന്തനിവാരണ ആക്ട് 2005 - കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ അവശ്യവസ്തുക്കളുടെ ലഭ്യതയും വിതരണവും ഉറപ്പുവരുത്തുന്നതിലേക്കായി - ടീമിനെ നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ 24.03.2020 തിയതിയിലെ 4337724/ഡി1/2020/ഭ.പൊ.വി.വ നമ്പർ പരിപത്രം.
2.തൃശ്ശൂർ ജില്ലാ കളക്ടറുടെ 24.03.2020 തിയതിയിലെ എ 1-10/2020 നമ്പർ നടപടിക്രമം.

**ഉത്തരവ് നമ്പർ എച്ച് 4-14476/2019 തിയ്യതി: 25.03.2020**

രാജ്യത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസിനെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ ഒട്ടാകെ സമ്പൂർണ്ണ ലോക്ക്ഡൌൺ പ്രഖ്യാപിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുള്ളതാണ്. കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള ലോക്ക്ഡൌൺ മൂലം ജില്ലയിൽ അവശ്യ വസ്തുക്കളുടെ വിതരണവും ലഭ്യതയും ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും ജില്ല കളക്ടറുമായ എസ് ഷാനവാസ്, ഐ എ എസ് എന്ന ഞാൻ ദുരന്തനിവാരണ ആക്ട് 2005-ലെ സെക്ഷൻ 26 (2) ലെ അധികാരം വിനിയോഗിച്ചുകൊണ്ടു സെക്ഷൻ 34 (a), (i), (m) എന്നിവ പ്രകാരം അവശ്യ വസ്തുക്കളുടെ ലഭ്യതയും വിതരണവും ഉറപ്പു വരുത്തുന്നതിലേക്കായി താഴെ പറയും പ്രകാരം ടീമിനെ നിയോഗിച്ചുകൊണ്ടും ടീമിന്റെ തുടർപ്രവർത്തനങ്ങൾക്കായി ഡെപ്യൂട്ടി കളക്ടർ(ജനറൽ) നെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഔദ്യോഗിക പേര് | സ്ഥാനം | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | ഡെപ്യൂട്ടി കളക്ടർ(ജനറൽ) | **നോഡൽ ഓഫീസർ** | 8547610081 |
| 2 | ജില്ലാ സപ്പ്ളൈ ഓഫീസർ, തൃശ്ശൂർ | കൺവീനർ | 9446035484 |
| 3 | സൂപ്രണ്ടിംഗ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ | കൺവീനർ | 8547638071 |
| 4 | അസിസ്റ്റന്റ് കൺട്രോളർ, ലീഗൽ മെട്രോളജി, തൃശ്ശൂർ | അംഗം | 8281698075 |

<u>മേൽ പറയുന്ന ടീമിന് താഴെ പറയും പ്രകാരം പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നു.</u>

1.നോഡൽ ഓഫീസർ നിർദ്ദേശിക്കും പ്രകാരം ടീമംഗങ്ങൾ പ്രവർത്തിക്കേണ്ടതാണ്.

2.ജില്ലയിൽ അവശ്യവസ്തുക്കളുടെ സേവനം ലഭ്യമാകുന്നുണ്ടെന്ന് യഥാസമയം ഉറപ്പുവരുത്തേണ്ടതാണ്.

3.അവശ്യ വസ്തുക്കളുടെ ലഭ്യത കുറവാകുന്ന പക്ഷം ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരാമർശം 2 പ്രകാരമുള്ള ഉത്തരവിൽ അവശ്യവസ്തുക്കളുടെ വിതരണവുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടികളക്ടർ(ആർ.ആർ) നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അവശ്യവസ്തുക്കളുടെ ലഭ്യതയും വിതരണവുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി കളക്ടർ(ജനറൽ) നെ നോഡൽ ഓഫീസറാക്കികൊണ്ട് പ്രത്യേകം

Scanned with CamScanner

ടീമിനെ നിയോഗിച്ച് ഉത്തരവാകുന്ന സാഹചര്യത്തിൽ ഡെപ്യൂട്ടി കളക്ടർ(ആർ.ആർ) ന്റെ പേര് പരാമർശം 2 പ്രകാരമുള്ള നടപടിക്രമത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു. മേൽ സൂചിപ്പിച്ച ഭേദഗതിയോടെ പരാമർശം 2 പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതായിരിക്കും

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം ദുരന്ത നിവാരണ ആക്ട് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

ഒപ്പ്
ജില്ലാ ദുരന്തനിവാരണ അതോറിറ്റി,ചെയർപേഴ്സൺ
& ജില്ലാ കളക്ടർ, തൃശ്ശൂർ

സ്വീകർത്താവ് :

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് : 1.ഡെപ്യൂട്ടി കളക്ടർ(ജനറൽ) തൃശ്ശൂർ
2.ഡെപ്യൂട്ടി കളക്ടർ(ദുരന്ത നിവാരണം)തൃശ്ശൂർ
3.കരുതൽ ഫയൽ എച്ച് 4

// ഉത്തരവിൻ പ്രകാരം //

ഡെപ്യൂട്ടി കളക്ടർ(ഡി.എം)

Scanned with CamScanner